## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2387 — 18.12.2012-ൽ മറുപടിയ്ക്ക്

### അന്യ സംസ്ഥാനങ്ങളിൽ നിന്ന് സാധനങ്ങൾ കള്ളക്കടത്ത്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് വരുന്ന ലക്ഷ്വറി ബസ്സുകൾ വഴി ഇലക്ട്രോണിക്സ് സാധനങ്ങൾ റെഡിമെയ്ഡ് തുണിത്തരങ്ങൾ ഉൾപ്പെടെയുള്ള സാധനങ്ങൾ കള്ളക്കടത്തായി സംസ്ഥാനത്തേക്ക് എത്തിക്കുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഇത്തരം വാഹനങ്ങൾ വില്പന നികുതി ഉദ്യോഗസ്ഥർ പരിശോധിക്കാറുണ്ടോ ; | (ബി) | പരിശോധിക്കാറുണ്ട്. |
| (സി) | ഇത്തരം കള്ളക്കടത്ത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (സി) | ഇത്തരം കള്ളക്കടത്ത് തടയുന്നതിന് വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിൽ ലക്ഷ്വറി ബസ്സുകൾ കർശനമായി പരിശോധിക്കുകയും കള്ളക്കടത്ത് കണ്ടെത്തിയാൽ പിഴ ഈടാക്കാറുമുണ്ട്. വാണിജ്യ നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള സ്ക്വാഡുകൾ (............2) |

| | | | |
|---|---|---|---|
| | | | എല്ലാ ജില്ലകളിലും ലക്ഷ്വറി ബസ്സുകളിൽ പരിശോധന നടത്താറുണ്ട്. ഇത്തരം പരിശോധനകളിൽ കള്ളക്കടത്ത് നടത്തുന്നത് കണ്ടെത്തിയാൽ പിഴയും, ജാമ്യത്തുകയും ഈടാക്കാറുണ്ട്. എല്ലാ ഓണക്കാലത്തും ഇന്റലിജൻസ് വിംഗിനേയും അസ്സസ്സ്മെന്റ് വിംഗിനേയും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരുമാസത്തെ തീവ്ര പരിശോധന നടത്താറുണ്ട്. കൂടാതെ ലക്ഷ്വറി ബസുകൾക്ക് ബുക്കു ചെയ്യുന്ന ഓഫീസുകൾ, ചരക്ക് പതിവായി ഇറക്കുന്ന സ്ഥലങ്ങൾ എന്നിവ നിരന്തരം പരിശോധിക്കുകയും കേസുകൾ ബുക്ക് ചെയ്യുകയും ചെയ്യുന്നുണ്ട്. |

B.V. Kumar
സെക്ഷൻ ഓഫീസർ